➪ ഇവരിൽ ആരുടേയും ലക്ഷ്യം ഒരു പ്രത്യേക പ്രദേശത്ത് ഒതുങ്ങിനിൽക്കുന്നതല്ല ➪

# ഹിംസയല്ല, ആത്മവിചിന്തനമാണ് ലോകം ആവശ്യപ്പെടുന്നത്

നിലവിലെ വ്യവസ്ഥിതിയെ അടിമുടി ഉടച്ചുവാർക്കുകയെന്ന ലക്ഷ്യത്തോടെ ഇടപെടുന്ന സാമൂഹിക പ്രവർത്തകരിൽ സായുധസമരത്തെ അംഗീകരിക്കുന്നവരും അല്ലാത്തവരുമുണ്ട്. ഈ നിർണ്ണായക വ്യത്യാസത്തെ സംവാദങ്ങൾക്ക് അനുഗുണമാംവിധം രേഖപ്പെടുത്തേണ്ട ആവശ്യം ഇവിടെ നിലനിൽക്കുന്നുണ്ട്. മാവോപക്ഷ സായുധ പോരാട്ടത്തിലെ ദാർശനികവും പ്രായോഗികവുമായ വൈരുദ്ധ്യങ്ങളെ സംബന്ധിച്ച നിരീക്ഷണങ്ങൾ പങ്കുവയ്ക്കുന്നു.

**ശ്യാം ബാലകൃഷ്ണൻ**

**കേരളത്തിൽ** പലയിടങ്ങളിലും അടുത്തകാലത്തായി മാവോയിസ്റ്റ് ലേബലിൽ അക്രമസമരങ്ങൾ അരങ്ങേറുന്നുണ്ട്. അവയെ ചെറുക്കാനെന്ന പേരിൽ കേരളപോലീസ്, ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സാമൂഹികപ്രവർത്തകരേയും, കൂട്ടായ്മകളേയും, സമരങ്ങളേയും നിരന്തര നിരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും അനാവശ്യ ഇടപെടലുകളിലൂടെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തുപോരുന്നു. അത്തരം പീഡനങ്ങൾക്ക് ഇരയാകുന്നവർക്കിടയിൽ, നിലവിലെ വ്യവസ്ഥിതിയെ അടിമുടി ഉടച്ചുവാർക്കുകയെന്ന ലക്ഷ്യത്തെ മാവോവാദികൾക്കൊപ്പം പങ്കുവെക്കുന്നവരായി ധാരാളമാളുകളുണ്ട്. എന്നാൽ, ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമെന്ന നിലയിൽ മാവോവാദികൾ മുന്നോട്ടുവെക്കുന്ന സായുധസമരത്തെ അവർ അംഗീകരിക്കുന്നില്ല. ഈ നിർണ്ണായക വ്യത്യാസത്തെ സംവാദങ്ങൾക്ക് അനുഗുണമാംവിധം കൃത്യമായും വിശദമായും രേഖപ്പെടുത്തേണ്ട ആവശ്യം ജനാധിപത്യസമീപനമുള്ള പലരിലും ഈയിടെ കാര്യമായി അനുഭവപ്പെടുന്നുണ്ട്. അവരിലൊരാളെന്ന നിലയ്ക്ക്, മാവോപക്ഷ സായുധ പോരാട്ടത്തിലെ ദാർശനികവും പ്രായോഗികവുമായ വൈരുദ്ധ്യങ്ങളെ സംബന്ധിച്ച ചില നിരീക്ഷണങ്ങളാണ് ചുവടെ.

തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കായി സായുധനീക്കങ്ങളെ പ്രായോഗികപദ്ധതിയായി അംഗീകരിച്ചിട്ടുള്ള നിലവിലെ ഏകപ്രസ്ഥാനമല്ല മാവോവാദികളുടേത്. ആർ.എസ്.എസ്. പ്രതിനിധീകരിക്കുന്ന കൊളോണിയൽ ഹിന്ദുമതവും, മുസ്ലീം തീവ്രവാദികളും, യൂറോപ്പിലെ വെളുത്തപക്ഷവാദികളുമെല്ലാം (white racists) ഈ വിഭാഗത്തിൽപ്പെടും. ഇവരെല്ലാം, തങ്ങളുടെ ജീവിതവീക്ഷണം ശരിയാണെന്നും അപരന്റേത് തെറ്റാണെന്നും തികച്ചും ബോധ്യമുള്ള, തങ്ങളുടെ ശരിക്കുവേണ്ടി മരിക്കാനും തയ്യാറുള്ളവരാണ്. അതിൽ ഓരോ കൂട്ടർക്കും, തങ്ങൾ എന്തുകൊണ്ട് ശരിയായിരിക്കുന്നുവെന്നതിനും അപരൻ എങ്ങനെ തെറ്റായിരിക്കുന്നുവെന്നതിനും, അവരവരുടെ ജ്ഞാനമീമാംസയെ ആശ്രയിക്കുന്ന വിശദീകരണങ്ങളും ഉണ്ട്. ഇവരിൽ ആരുടേയും ലക്ഷ്യം ഒരു പ്രത്യേക പ്രദേശത്ത് ഒതുങ്ങിനിൽക്കുന്നതല്ല. മുഴുവൻ മനുഷ്യരാശിയേയും തങ്ങളുടെ വീക്ഷണഗതിയ്ക്കൊത്ത് വാർത്തെടുത്തേ എല്ലാവരും അടങ്ങുകയുള്ളൂ.

ന്യായമായും, ഇത്തരം പ്രത്യയശാസ്ത്രങ്ങളുടെ സംസ്ഥാപനത്തിന് രണ്ട് പോംവഴികളാണ് ഉള്ളത്. അതിലൊന്ന്, സായുധപോരാട്ടത്തിലൂടെ എതിരാളികളെയെല്ലാം ഇല്ലായ്മ ചെയ്ത് തങ്ങളുടെ ഉദ്ദേശ്യം നിറവേറ്റലാണ്; കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന കാട്ടുനീതി നടപ്പാക്കൽ. ഈ രീതിയിൽ ഒരു പ്രത്യേകഗ്രൂപ്പ് വിജയിക്കുന്നതിന് മുമ്പ് ലക്ഷകണക്കിനോ കോടിക്കണക്കിനോ മനുഷ്യർ കൊല്ലപ്പെട്ടേക്കാം. പരിസ്ഥിതിയ്ക്കും ഭീകരമായ നാശമുണ്ടാകും. പോരാളികളുടെ കൂട്ടത്തിലെ ചില ശൂരന്മാർ വീരസ്വർഗ്ഗത്തിനായി ശത്രുക്കളുടെ മേൽ അണുബോംബുകൾ വർഷിക്കാനുള്ള സാധ്യതയും ഇല്ലാതില്ല. ഇതൊക്കെ കഴിഞ്ഞ് അവശേഷിക്കുന്ന 'സുന്ദര'ലോകത്ത് ജീവിക്കാൻ മനുഷ്യരാരും ബാക്കിയുണ്ടാകാതിരിക്കാനും, ഒരുവേള ഭൂമിതന്നെ ജീവിതയോഗ്യമല്ലാതാകാനും ഇടയുണ്ട്. ഇത്തരം വൈതരണികളൊക്കെ എങ്ങനേയും കടന്നുകൂടി അവസാനം മാവോഭരണം വന്നുവെന്നിരിക്കട്ടെ. അതിന്റെ എതിരാളികൾ അത്ര പെട്ടെന്നൊന്നും തങ്ങളുടെ പരാജയം സമ്മതിച്ചു തരികില്ല; കുത്തിത്തിരുപ്പുകളുണ്ടാക്കാൻ അവർ ശ്രമിച്ചുകൊണ്ടേയിരിക്കും. എന്തിനധികം, മാവോവാദികൾക്കിടയിൽ തന്നെ അസംഖ്യം ഭിന്നതകൾ ഉണ്ടാകാം! സ്വാഭാവികമായും ഇക്കൂട്ടരെയൊക്കെ ഒതുക്കാൻ വിശദവും നിരന്തരവുമായ സർവൈലൻസ് ആവശ്യമായി വരും. അത് എത്ര കാലം നീണ്ടുപോകുമെന്ന് ആർക്കും പറയാനാകില്ല. കൂടാതെ, ഈ വിധം യുദ്ധോന്മുഖമായ സാഹചര്യത്തിനുതകുംവിധം ഘടനാപരമായി തന്നെ ഹിംസാത്മകമായ ഒരു സമ്പദ്‌വ്യവസ്ഥയെ (war economy) പരിപാലിക്കേണ്ടതായും വരും. ഒരു ഭരണകൂടത്തെ അട്ടിമറിക്കാൻ തുനിഞ്ഞിറങ്ങിയവർ മറ്റൊരു ഭരണകൂടമായി തീരുമെന്നുചുരുക്കം. (ഇപ്പറഞ്ഞതിനെല്ലാം ചരിത്രം സാക്ഷി)

രണ്ടാമത്തെ മാർഗ്ഗം, ഓരോരുത്തരും തങ്ങളുടെ ശത്രുതാബോധവും അക്രമപദ്ധതിയും പൂർണ്ണമായും ഉപേക്ഷിച്ച് തങ്ങളുടെ ആശയസംഹിതകൾ പൊതുവായും അവയുടെ പ്രയോഗക്ഷമത സവിശേഷപ്രശ്നങ്ങളെ മുൻനിറുത്തിയും പൊതുമണ്ഡലത്തിൽ നിരന്തരം അവതരിപ്പിക്കുക എന്നതാണ്. വ്യക്തികൾ തങ്ങളുടെ അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ അവ വിശകലനം ചെയ്തിട്ട് ചിലത് തള്ളുകയോ ചിലത് കൊള്ളുകയോ ചെയ്യും. ഒരുവേള ഒരു പ്രത്യയശാസ്ത്രത്തെ പൂർണ്ണമായും ഒഴിവാക്കിയെന്നും വരാം. ഇങ്ങനെ, ഒരു കൂട്ടരുടെ പ്രത്യയശാസ്ത്രം, അത് വളരെ മെച്ചമാണെങ്കിലും ഭൂരിപക്ഷം ജനങ്ങളും തള്ളിക്കളഞ്ഞുവെന്നിരിക്കട്ടെ; എന്തുചെയ്യും? ഒന്നും ചെയ്യാനില്ല. തങ്ങളുടെ ആശയപ്രചാരണയത്നങ്ങൾ തുടരുക മാത്രമേ വഴിയുള്ളൂ. തങ്ങളുടെ ഉട്ടോപ്യയിൽ ജീവിക്കാനുള്ള വകതിരിവ് പൊതുജനമാകുന്ന കഴുതയ്ക്ക് ഇല്ലെന്നു കരുതുന്നതും അന്യായമായിരിക്കില്ല.

ഇത്തരം ആശയസംവാദങ്ങളുടെതായ തലത്തിൽ ഇന്ത്യയിലെ മാവോവാദികളുടെ സംഭാവന എന്താണ്? ഭരണകൂടത്തെ അട്ടിമറിക്കണം എന്ന നിഷേധാത്മകതയിൽ കവിഞ്ഞ് കാര്യമായൊന്നും ഇല്ലെന്നതാണ് വസ്തുത. മാവോവാദികൾ എതിർക്കുന്ന കമ്പോളമൂലധനവ്യവസ്ഥയുടെ അപര്യാപ്തതകളെ കുറിച്ചുള്ള ബോധ്യം ഇന്ന് ലോകമൊട്ടാകെയുള്ള ജനതകളിൽ വ്യാപകമാണ്. എന്നിട്ടും ഈ വ്യവസ്ഥിതി തുടരുന്നതിനും വ്യാപിക്കുന്നതിനുമുള്ള ഒരു പ്രധാന കാരണം, അതിനെ തള്ളിപറയുന്നവർക്കൊന്നും, പകരം വിവിധ സാഹചര്യങ്ങളേയും സംസ്കാരങ്ങളേയും സമന്വയിപ്പിക്കുന്ന ഒരു ജീവിത-രാഷ്ട്രീയദർശനം മുന്നോട്ടുവെക്കാനാകുന്നില്ല എന്നതാണ്. മനുഷ്യൻ അപ്പം കൊണ്ടു മാത്രം ജീവിക്കുന്നുവെന്ന് മുതലാളിത്തം പറയുന്നു. അതിനു ബദലെന്ന് അവകാശപ്പെടുന്ന കമ്മ്യൂണിസത്തിന് ദാർശനികമായി അതിൽ കൂടുതൽ എന്താണ് സ്ഥാപിക്കാൻ ആയിട്ടുള്ളത്? ഉദാഹരണത്തിന്, മതസ്ഥാപനങ്ങളും പൗരോഹിത്യവും തട്ടിപ്പാണെന്ന് എപ്പോഴെങ്കിലും ചിന്തിക്കാത്ത അധികം വിശ്വാസികളൊന്നും കാണുകില്ല. ഇതേ കാര്യം കമ്മ്യൂണിസ്റ്റുകൾ (മതേതരക്കാരും) ധാരാളമായി പറഞ്ഞുനടക്കുന്നുമുണ്ട്. എന്നാൽ, പ്രപഞ്ചത്തിൽ ഒരു മനുഷ്യനുള്ള മൂല്യത്തെ/സ്ഥാനത്തെക്കുറിച്ച് നമുക്ക് എന്താണ് പറയാനുള്ളത്? അടിസ്ഥാനപരമായ ഈ സമസ്യയെ വളച്ചൊടിച്ചും ദുർവ്യാഖ്യാനിച്ചുമാണ് മതങ്ങൾ നിലനിന്നുപോരുന്നത്. പക്ഷെ, പകരം നമുക്ക് ആകെ പറയാനുള്ളത്, മനുഷ്യന് ഈ പ്രപഞ്ചത്തിൽ ഒരു മണൽതരിയുടെ പോലും വിലയില്ലെന്നോ, ലാബറട്ടറികളിൽ പരീക്ഷണം നടക്കുകയാണ്, ഒരു വേള 200 കൊല്ലം കഴിഞ്ഞ് പറയാമെന്നോ മാത്രമല്ലേ?

ഇത്യാദി താത്വികവിഷയങ്ങളെ മാറ്റിവെക്കാം; ഇന്ത്യയിലെ മാവോയിസ്റ്റ് നേതൃത്വത്തിന്റെ പ്രായോഗികമായ ഭാവനാശൂന്യതയ്ക്കും ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. കുറച്ചുകാലങ്ങൾക്ക് മുമ്പ് 2ജി അഴിമതി ഉൾപ്പെടെയുള്ള കേസുകളിൽ കോൺഗ്രസ് നട്ടം തിരിയുന്ന സന്ദർഭം. അതേസമയം തന്നെ കർണ്ണാട



കയിലെ അഴിമതികൾ ബി.ജെ.പിയുടേയും ഭീകരത വെളിപ്പെടുത്തി. രാഷ്ട്രീയപാർട്ടികളെ ജനങ്ങൾ മനസ്സറിഞ്ഞ് വെറുത്ത കാലമാണത് (ഇതും). ഈ രാഷ്ട്രീയ ശൂന്യതയെ ഇന്ത്യയിലെ മാവോയിസ്റ്റ് നേതൃത്വം എങ്ങനെയാണ് അഭിസംബോധന ചെയ്തത്? അവരുടെ സൃഷ്ടിപരമായ ഇടപെടലുകൾക്ക് ഇടം കൊടുക്കാൻ സന്നദ്ധരായ മുഖ്യധാരാമാദ്ധ്യമങ്ങൾ ഇപ്പോഴും അവശേഷിക്കുന്ന നാടാണ് ഇന്ത്യ. സോഷ്യൽ നെറ്റ്‌വർക്കുകളും ഇവിടെ സജീവമാണ്. എന്നിട്ടും, ഇന്ത്യയിലെ വിവിധ സാമൂഹിക-രാഷ്ട്രീയ പശ്ചാത്തലങ്ങളിലുള്ള ജനങ്ങളെ ഒന്നടങ്കം പ്രചോദിപ്പിക്കുന്ന ഒരുവിധ വീക്ഷണവും ഉയർത്തിക്കൊണ്ടുവരാൻ അതിനായിട്ടില്ല. ദേശീയനേതൃത്വത്തിന്റെ സ്ഥിതി ഇതാണെങ്കിൽ ഇങ്ങേത്തലയ്ക്കൽ സോഷ്യൽ നെറ്റ്‌വർക്കുകളിലും മറ്റും സജീവമായ കേരളത്തിലെ മാവോപക്ഷക്കാരെ ശ്രദ്ധിക്കുക. സർക്കാർ നയങ്ങളുടേയും, പോലീസ് അതിക്രമങ്ങളുടേയും പേരുപറഞ്ഞ് കേരളത്തിൽ മാവോയിസലേബലിൽ നടക്കുന്ന അക്രമങ്ങളെ ബാലിശമായി ന്യായീകരിക്കുന്നതിൽ കവിഞ്ഞ് സമൂഹത്തോട് സൃഷ്ടിപരമായി യാതൊന്നും പങ്കുവെക്കാത്ത കൂട്ടരാണിവർ.

നിലവിലെ വ്യവസ്ഥിതിയെ തകർത്തിട്ട് പുതിയൊരു പ്ലാറ്റ്ഫോമിൽ സ്വർഗ്ഗം പണിയുമെന്നു പറയുക എത്ര എളുപ്പമാണ്. പകരം, ഒരു സമൂഹത്തിലെ അസംഖ്യം സവിശേഷ സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ പരിഗണിച്ച്, അതിപ്പോൾ ആയിരിക്കുന്ന ഇടങ്ങളിൽനിന്നു തുടങ്ങുന്ന വിപ്ലവകരമായ മുന്നേറ്റം എങ്ങനെയെന്നു പറയാൻ മൗലീകമായ പഠനവും സർഗാത്മകമായ രാഷ്ട്രീയ ഭാവനയും ആവശ്യമുണ്ട്. പരിമിതമായ ഒരു ഭൂപ്രദേശത്തെ അടിയന്തരവും താല്ക്കാലികവുമായ ഇടപെടൽ എന്ന നിലയ്ക്ക് ഒരു സായുധപ്രതിരോധത്തെ പരിഗണിച്ചാൽ തന്നെയും സുചിന്തിതമായ രാഷ്ട്രീയദർശനത്താലാണ് ഒരു മൂവ്മെന്റ് സുസ്ഥിരമായി മുന്നേറണ്ടത്. അതിനാകാത്തപക്ഷം ജനങ്ങൾ ആനീക്കത്തെ കയ്യൊഴിയും എന്നതിന് ഉദാഹരണമാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കുവാനുള്ള മാവോയിസ്റ്റ് നിർദേശം അവരുടെ ശക്തികേന്ദ്രങ്ങളിൽ പോലും ജനങ്ങൾ തള്ളികളഞ്ഞത്.

മാവോവാദികളുടെ ഭരണകൂടസങ്കൽപ്പത്തിലും സായുധപോരാട്ടത്തിലുള്ള ഏകപക്ഷീയ ഊന്നലിലും ചില മതപരതകളുമുണ്ട്. ഒരു സമൂഹത്തിന്റെ സങ്കീർണ്ണമായ ജീവിതസാഹചര്യങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള ഏറ്റവും എളുപ്പവും അപക്വവുമായ മാർഗ്ഗം ആ സമൂഹത്തിന്റെ ദുരിതങ്ങൾക്കെല്ലാം കാരണക്കാരായി കുറേയാളുകളെ കണ്ടുപിടിക്കുകയെന്നതാണ്. എന്നിട്ട്, അവരെ ഉന്മൂലനം ചെയ്താൽ തങ്ങളുടെ പ്രശ്നങ്ങളെല്ലാം അവസാനിക്കുമെന്ന് കരുതുക. ഈ ധാരണയ്ക്ക് മതങ്ങളിലെ ചെകുത്താൻ സങ്കൽപ്പവുമായി തത്വശാസ്ത്രദൃഷ്ട്യാ വലിയ വ്യത്യാസമൊന്നുമില്ല. ഇത്തരത്തിൽ യാന്ത്രികമായി ഒരുവശത്ത് കുറേ ഇരകളേയും മറുവശത്ത് പീഡകരേയും സങ്കൽപ്പിക്കുന്നത് സവിശേഷ സന്ദർഭങ്ങളിൽ ശരിയാകാമെങ്കിലും പൊതുരാഷ്ട്രീയസംവിധാനത്തെ വിലയിരുത്തുന്ന പ്രക്രിയയിൽ തികച്ചും അശാസ്ത്രീയവും വൈകാരികമാത്രവുമായ സമീപനമാണ്. അത്തരത്തിൽ, കേവലവും നിരപേക്ഷവുമായി അകാശത്തുനിന്നു തൂങ്ങികിടക്കുന്നതാണെന്ന മട്ടിൽ ഭരണകൂടത്തെ പരി

ഗണിക്കുന്നത് വൈരുദ്ധ്യാത്മക ഭൗതീകവാദത്തിന്റെ തന്നെ അന്തഃസത്തയ്ക്കു വിരുദ്ധമാണ്. ഭരണകൂടം സ്വകാര്യജീവിതസംസ്കാരത്തിന്റെ സമൂർത്തരൂപമാണ്. അക്കാരണത്താൽ തന്നെയാണ് ജനതകളുടെ മാറുന്ന സംസ്കാരത്തിന് അനുഗുണമായി അതിന് പരിണമിക്കാനും കൊഴിഞ്ഞുപോകാനും വീണ്ടും ഉടലെടുക്കാനുമാകുന്നത്. ഇപ്പറഞ്ഞതിനെല്ലാം ഉദാഹരണമായി ഇക്കാലത്തെ പോലീസുകാരുടേയും സൈനീകരുടേയും മറ്റും കാര്യം എടുക്കാം. ഇവരാരും തന്നെ സാധാരണ ജനങ്ങളെ വെടിവെച്ചുകൊന്ന് ഭരണകൂടത്തെ ശക്തിപ്പെടുത്താൻ ആവേശം കൊണ്ടുനടക്കുന്ന വർഗ്ഗശത്രുക്കളല്ല. സമൂഹത്തിലെ മറ്റ് ഏതൊരു മേഖലയിലുമെന്ന പോലെ ജീവിക്കാൻവേണ്ടി ഒരു തൊഴിലെന്ന നിലയ്ക്ക് അതിൽ എത്തിപ്പെട്ടവരാണ് അവരിൽ മഹാഭൂരിപക്ഷവും. വാസ്തവത്തിൽ ഇക്കൂട്ടർ മറ്റാരേക്കാളും നിലവിലുള്ള രാഷ്ട്രീയസംവിധാനത്തിന്റെ ഇരകളാണെന്നുപോലും പറയേണ്ടതുണ്ട്. ഒരു സമൂഹത്തിന്റെ ഇരുണ്ടവശങ്ങളോട് നിരന്തരം ഇടപഴകുന്ന ഒരു പോലീസുകാരന്റെ മാനസികാവസ്ഥയെക്കുറിച്ച് ആലോചിച്ചു നോക്കൂ. അതയാളുടെ മനുഷ്യ/ജീവിതദർശനത്തെ–അനുഭവത്തെ എത്രമേൽ സങ്കുചിതമാക്കുന്നുണ്ടാകാം. അയാൾക്ക് ഒരു നല്ല അച്ഛനോ അമ്മയോ, ഭർത്താവോ ഭാര്യയോ ആകുവാൻ മറ്റാരേക്കാളും ക്ലേശിക്കേണ്ടി വരും; പലപ്പോഴും അത് അസാധ്യമാകുന്നുമുണ്ടാകാം. ഒരു പോലീസുകാരൻ, മേലധികാരി ആവശ്യപ്പെടുന്നപക്ഷം ഏതുസമയവും ജോലിയിൽ ഹാജരാകുവാൻ നിർബന്ധിതനാണ്; കക്കൂസിൽപ്പോലും സ്വസ്ഥമായിരിക്കാൻ നിവൃത്തിയില്ലാത്ത മനുഷ്യനാണയാൾ. സ്വകാര്യവാഹനവിപണിയെ പ്രോത്സാഹിപ്പിക്കുന്ന ഭരണകൂടനയത്തിന്റെ ഏറ്റവും വലിയ ഇരകളിൽ ട്രാഫിക് പോലീസുകാരും ഉൾപ്പെടും. നല്ലൊരു തൊഴുത്തിലുള്ളത്രപോലും കാറ്റും വെളിച്ചവും കടക്കാത്ത സർക്കാർവക ക്വാർട്ടേഴ്സുകളിലാണ് ഒരുപാടു പോലീസുകാരും അവരുടെ കുട്ടികളും അന്തിയുറങ്ങുന്നത്. തീർച്ചയായും തെരുവ്-ചേരി ജീവിതത്തേക്കാൾ ഭേദമാണത്. പക്ഷെ, പറഞ്ഞുവന്നത് ഇവരാരും തന്നെ ചെകുത്താന്റെ സന്തതികൾ അല്ല എന്നാണ്. ആണെങ്കിൽ, മനുഷ്യർക്ക് കഴിക്കാനുള്ള ഭക്ഷണത്തിൽ ബോധപൂർവ്വം വിഷം തളിക്കുന്ന, ആ പ്രയോഗത്തിന് ജൈവവബദലുണ്ടെന്നു പറഞ്ഞാലും കേൾക്കാൻ വിസ്സമ്മതിക്കുന്ന കർഷകരും ഭരണകൂടഭീകരരാണ്. മേലധികാരികളുടെ അന്യായമായ തീട്ടൂരങ്ങളെ അനുസരിക്കാൻ വിസ്സമ്മതിക്കുന്ന സൈനികരെ നമുക്ക് വിഭാവനം ചെയ്യാനാകുന്നില്ലെങ്കിൽ, സമൂലപരിവർത്തനം എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്?

ഒരു സമൂഹത്തിന്റെ ഇരുണ്ടവശങ്ങളോട് നിരന്തരം ഇടപഴകുന്ന ഒരു പോലീസുകാരന്റെ മാനസികാവസ്ഥയെക്കുറിച്ച് ആലോചിച്ചു നോക്കൂ. അതയാളുടെ മനുഷ്യ/ജീവിതദർശനത്തെ–അനുഭവത്തെ എത്രമേൽ സങ്കുചിതമാക്കുന്നുണ്ടാകാം. അയാൾക്ക് ഒരു നല്ല അച്ഛനോ അമ്മയോ, ഭർത്താവോ ഭാര്യയോ ആകുവാൻ മറ്റാരേക്കാളും ക്ലേശിക്കേണ്ടി വരും; പലപ്പോഴും അത് അസാധ്യമാകുന്നുമുണ്ടാകാം.

ഭരണകൂടത്തിന്റെ ഇങ്ങേത്തലയാണ് പോലീസുകാരെങ്കിൽ അതിന്റെ അങ്ങേത്തലയായി പരിഗണിക്കാവുന്ന മുകേഷ് അംബാനിയെ എടുക്കുക. 4500 കോടിയ്ക്ക് വീടുപണിയുകയും (കേട്ടുകേൾവി ശരിയാണെങ്കിൽ) ഏതോ ഫെങ്ഷുയിക്കാരൻ പറഞ്ഞതുകേട്ടു പേടിച്ച് അവിടെ താമസിക്കാതിരിക്കുകയും ചെയ്യുന്ന അൽപബുദ്ധിയാണയാൾ. എണ്ണവിലയെ ധ്യാനിച്ചാണ് അയാൾ തന്റെ മനുഷ്യജീവിതം ചെലവഴിക്കുന്നത്. ശാരീരിക ദുർമേദസ്സുകൊണ്ടുള്ള ക്ലേശങ്ങളുണ്ടെന്ന് അയാളുടെ ചലനം കണ്ടാൽ അറിയാം. സ്വന്തം സഹോദരനും കുടുംബവുമായി ശ്രീമാൻ പിണക്കത്തിലാണ്. മുപ്പതോളം സി.ആർ.പി.എഫുകാരുടെ അകമ്പടിയില്ലാതെ സർവ്വശക്തന് റോഡിലേക്ക് ഇറങ്ങാൻ നിവൃത്തിയില്ല. ഒരുപാടു പേരുടെ ജീവിതം അയാൾ നശിപ്പിക്കുന്നു. അതിന്റെ പതിന്മടങ്ങ് ആളുകളുടെ വെറുപ്പിനും പ്രാക്കിനും വിധേയനായി ജീവിക്കുന്നു. ജീവിതവിജയം നേടിയ മനുഷ്യനാണോ ഇയാൾ?! ഇയാളെക്കാൾ എത്രയോ ഭാഗ്യവാന്മാരാണ് കൂലിപണിയെടുത്ത് അന്നന്നത്തേക്കുള്ള വക കണ്ടെത്തുന്ന മനുഷ്യർ!! മുകേഷിന്റെ ഈ ജീവിതം ഒരർഥത്തിൽ അയാൾ തിരഞ്ഞെടുത്തതല്ല; ജന്തുസഹജമായ ശീലത്തിന്റെ ഭാഗമായി തന്റെ അച്ഛൻ ചെയ്തുവന്നത് തുടരുന്നതേയുള്ളൂ. അതു തെറ്റാണെങ്കിൽ മാതാപിതാക്കളെ പിന്തുടർന്ന് എഞ്ചിനീയറും ഡോക്ടർമാരും മറ്റും ആകുന്ന കാക്കത്തൊള്ളായിരം മനുഷ്യവേഷങ്ങളും തെറ്റുകാരാണ്. മ

റ്റൊരുതരത്തിൽ പറഞ്ഞാൽ, സകലരും അവരവരുടെ കഴിവിനൊത്ത് സ്വകാര്യമൂലധനം ആർജ്ജിക്കാൻ മെനക്കെടുന്ന ഒരു പിരമിഡ് അധികാരഘടനയുടെ തുഞ്ചത്ത് ചിലർ എത്തിപ്പെടുന്നത് സാന്ദർഭികമാണ്. അവർ ഇല്ലാതായാൽ ആ സ്ഥാനം ഏറ്റെടുക്കാൻ മറ്റു ചിലർ നിയുക്തരാണ്.

ഒരു സമൂഹത്തിന്റെ ഭൗതീകതലത്തിൽ ആവശ്യത്തിലും വളരെയധികം കയ്യാളിയിട്ടുള്ളവരും അഷ്ടിയ്ക്ക് വകയില്ലാത്തവരും ഉണ്ടാകാം. ഈ സാഹചര്യത്തെ ഊട്ടിവളർത്തുന്ന അധികാരഘടനയും പ്രബലമായിരിക്കും. ആ അവസ്ഥയെ പരിഹരിക്കാൻ ചൂഷ



കരും ചൂഷിതരും എന്ന വിവേചനം ചില തലങ്ങളിൽ അനിവാര്യമാണ്. എന്നാൽ, ഒരുവൻ മറ്റൊരുവനെ ചൂഷണം ചെയ്യുന്നതിലൂടെ മാത്രം നിലനിൽക്കുന്ന ഒരു വ്യവസ്ഥിതിയെ എന്തുവിലകൊടുത്തും നിലനിറുത്താൻ മിനക്കെടുന്ന ആളുകളും, അവരുടെ മർദ്ദനോപാധികളായി വർത്തിക്കുന്ന ഉദ്യോഗസ്ഥവൃന്ദവും സൈന്യവും, ചൂഷകാദർശങ്ങളെ സ്വാംശീകരിച്ചിട്ടുള്ള അസംഖ്യം കീഴ്തട്ടുകാരും അടിസ്ഥാനപരമായി അങ്ങനെയായിരിക്കുന്നത്, എന്താണ് സ്വാതന്ത്ര്യമെന്നതിനെ സംബന്ധിച്ച അവരുടെ അറിവില്ലായ്മയാലാണ്. നിലവിലെ മുതലാളിത്ത വ്യവസ്ഥിതിയിൽ ദൈനംദിനം വിയർപ്പൊഴുക്കുന്ന കോടികണക്കിനാളുകൾ ആ വിധം തുടരുന്നത് ആരെങ്കിലും അവരെ തോക്കിൻമുനയിൽ നിറുത്തിയിട്ടല്ല. മറിച്ച്, സ്വകാര്യതാൽപ്പര്യങ്ങളുടെതായ കമ്പോളയുക്തി മനുഷ്യർ വ്യക്തിപരമായി സ്വാംശീകരിച്ചിട്ടുള്ളതുകൊണ്ടാണ്.

അന്യവത്കരണത്തിന്റേതായ ഈ ജീവിതശൈലിയിൽ ആത്യന്തികമായി വിജയികളില്ല; പരാജിതരും ഇരകളുമേ ഉള്ളൂ. മറിച്ച്, അതിൽ വിജയികൾ ഉണ്ടെന്നു കരുതുന്നത് ചൂഷകരുടെ മൂല്യബോധത്തെ അംഗീകരിക്കലാണ്. ചുരുക്കത്തിൽ, ജീവിതത്തെ സംബന്ധിച്ച വിവരക്കേട് പൊതുവും സാംക്രമികവുമാണ്. അതിന്റെ പരിഹാരവും ആ നിലയ്ക്ക് ഉണ്ടാകേണ്ടതാണ്. കമ്പോളമൂലധനവ്യവസ്ഥയെന്നത് ആധുനികജീവിതസംസ്കാരം അഭിമുഖീകരിക്കേണ്ടുന്ന ഒരു ദാർശനികപ്രതിസന്ധിയാണ്. അതിനു തുനിയാതെ, അതിൽ കുറച്ചുപേരെ ചൂഷകരായി തെരഞ്ഞുപിടിച്ച് വെടിവെച്ചുകൊന്നും ബാക്കിയുള്ളവരെ ഭയപ്പെടുത്തിയും പ്രശ്നം പരിഹരിക്കാമെന്നു കരുതുന്നത്, ഒരാളുടെ ദാരിദ്ര്യത്തിന് അയാളാണ് ഉത്തരവാദിയെന്നും, കുറേ ദരിദ്രവാസികൾ പട്ടിണികിടന്നും മറ്റും ചത്താൽ ശല്യം ഒഴിവാകുമായിരുന്നുവെന്നും കരുതുന്ന മുതലാളിത്ത-ഭരണകൂട ഭീകരത തന്നെയാണ്. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരുമെന്ന വിഭജനം രാജ-ഫ്യൂഡൽ-കുടുംബവാഴ്ച കാലത്ത് കുറേക്കൂടി പ്രസക്തമായിരുന്നിരിക്കാം. ഇന്ന് ആ കാലം അതേപോലെ തുടരുന്നില്ല. ഇന്ത്യയിൽ പലയിടത്തും ഇപ്പോഴും അർദ്ധ കൊളോണിയൽ ഫ്യൂഡൽവ്യവസ്ഥ ശക്തമായിരിക്കുമ്പോൾതന്നെ അവയ്ക്കൊന്നും ജനാധിപത്യ-മനുഷ്യാവകാശ നീക്കങ്ങളിൽനിന്നും വിട്ടുമാറിയുള്ള, തികച്ചും സുരക്ഷിതമായ ഇടങ്ങൾ ലഭ്യമല്ല.

ഇത്രയൊക്കെ പറഞ്ഞത് ജനാധിപത്യസമീപനത്തിന്റെ ചില നിർണ്ണായക തത്വങ്ങളെ വിശദീകരിക്കാനാണ്. തന്നെപ്പോലെ അപരനേയും പരിഗണിക്കുന്നതാണ് ജനാധിപത്യം. ആ നിലപാടിലൂടെ അത് അംഗീകരിക്കുന്നത് തന്റേയും അപരന്റെയും രണ്ടല്ലായ്കയെയാണ്. പ്രകൃതിദത്തവും അനിഷേധ്യവുമായ ഈ സത്യമാണ് ജനാധിപത്യത്തിന്റെ അന്തഃസത്ത. അതിനൊപ്പം, ഒരു മനുഷ്യന്റെ അടിസ്ഥാനപരമായ നിഷ്കളങ്കതയേയും നിരപരാധിത്വത്തേയും നിസ്സഹായതയേയും മനുഷ്യത്വം/ജനാധിപത്യം അംഗീകരിക്കുന്നു. ഈ ലോകത്തെ ഏറ്റവും ഭീകരനായ മനുഷ്യൻ പോലും ഒരു കാലത്ത് ഒരു കുട്ടിയായിരുന്നുവെന്ന പച്ചപ്പരമാർത്ഥത്തെ

അത് ഉൾക്കൊള്ളുന്നു. ഈ സമീപനത്തിൽ കുറുക്കുവഴികളില്ല; ലക്ഷ്യവും മാർഗ്ഗവുമെന്ന വ്യത്യാസവുമില്ല. അസാമാന്യമായ സ്നേഹവും ഉത്തരവാദിത്തവും ക്ഷമയും സർവ്വോപരി ആത്മവിചിന്തനവും (self reflection) അത് നമ്മിൽനിന്ന് ആവശ്യപ്പെടുന്നു.

ന്യായമായും ചില സംശയങ്ങൾ ഉണ്ടാകാം. ഒരു സവിശേഷ സന്ദർഭത്തിൽ ഒരു കൂട്ടർ മറ്റൊരു കൂട്ടരെ തികച്ചും ഏകപക്ഷീയമായി അടിച്ചമർത്തുമ്പോൾ ഇരകളാകുന്നവർ എന്തുചെയ്യണം? ആദ്യമേ പറയാനുള്ളത്, ചോദ്യം പോലെ ഒറ്റ വാചകത്തിൽ തീർക്കാവുന്ന, ലളിത മാദ്ധ്യമ യുക്തികളെ ആശ്രയിക്കുന്ന ഉത്തരം അതിനു സാധ്യമല്ലെന്നാണ്. എന്താണ് ജീവിതമെന്നും, താൻ എന്തിനായി ജീവിക്കുന്നുവെന്നുമുള്ള ഒരുവന്റെ/ഒരുവളുടെ തിരിച്ചറിവിനെ മുൻനിറുത്തി അയാൾ തന്നെ ആർജ്ജിക്കേണ്ട നിലപാടാണത്. എന്നിരിക്കിലും, ഈ കുറിപ്പിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതിനു സമാനമായി നമുക്കു മുന്നിൽ പൊതുവായ രണ്ട് സാധ്യതകളുണ്ടെന്നു പറയാം. ആദ്യത്തേത്, സവിശേഷ സ്ഥലകാല അനുഭവമുള്ള ഒരു ശരീരത്തിന്റെയും ആത്മരക്ഷയുടെയും വശത്തുനിന്നുള്ളതാണ്. കണ്ണിനു കണ്ണ്, പല്ലിന് പല്ല് എന്നതാണ് അതിന്റെ നിയമം. രണ്ടാമത്തേത്, സകലതിന്റേയും ഒരുമയെ അംഗീകരിക്കയാൽ ഒരു കരണത്തടിക്കുന്നവന് മറുകരണവും കാണിച്ചുകൊടുക്കുന്ന സമീപനമാണ്. ഒന്ന്, ഹ്രസ്വദൃഷ്ടിയോടെ രോഗലക്ഷണത്തോട് പ്രതികരിക്കുന്നു; മറ്റേത്, കാരണത്തെ അഭിമുഖീകരിക്കുന്നു. ഇവയ്ക്കിടയിലെ തെരഞ്ഞെടുപ്പ് വ്യക്തിപരമാണെങ്കിലും, രണ്ടുസമീപനങ്ങളുടെയും ഗുണദോഷങ്ങൾ പ്രവചനീയമാണ്. (ദൈനംദിന ജീവിതത്തിൽ പൊടുന്നനെയുള്ള ഹിംസാത്മക പ്രതികരണങ്ങൾ മനുഷ്യർക്കിടയിൽ എപ്പോഴാണെങ്കിലും സംഭവിക്കാം. പക്ഷെ, അവയെ പ്രത്യയശാസ്ത്രവൽക്കരിക്കുകയും സ്ഥാപനവൽക്കരിക്കുകയും ചെയ്യുന്നതാണ് ഭീകരത)

താനും തന്റെ സ്വത്തുവകകളും എപ്പോൾ വേണമെങ്കിലും കയ്യേറപ്പെടാമെന്ന ആശങ്കയിൽനിന്നും സാഹചര്യത്തിൽനിന്നുമാണ് അതിർത്തികളും സൈന്യവും ഭരണകൂടത്തിന്റെ മറ്റ് പ്രാക് രൂപങ്ങളുമെല്ലാം ഉടലെടുത്തിട്ടുള്ളത്. ക്രമേണ, സൃഷ്ടിപരമായി യാതൊന്നും ചെയ്യാത്ത ആ വിഭാഗം സമൂഹത്തിന്റെ മിച്ചമൂല്യം തിന്നുകൊഴുക്കുന്നു. അയൽവാസികളുടെ ഈവിധ പടയൊരുക്കം കാണുന്ന മറ്റ് ജനതകളും പല തലങ്ങളിൽ ഇതേ പ്രക്രിയ ആവർത്തിക്കും. തുടർന്ന്, വേണ്ടവർക്കെല്ലാം ആയുധങ്ങൾ നിർമ്മിച്ചു വിൽക്കുന്നവരും ഉണ്ടായി വരും. കച്ചവടത്തിന്റെ സുസ്ഥിരവളർച്ചയ്ക്കും പുതിയ ആയുധങ്ങളുടെ പ്രയോഗക്ഷമത പരീക്ഷിക്കുവാനും ഇടയ്ക്കിടെ യുദ്ധങ്ങൾ അവശ്യം തന്നെ. സമാനമായി, തങ്ങൾക്ക് യാതൊരു അത്യാവശ്യവും ഇല്ലാത്തതാണ് ഭരണകൂടം എന്ന് ജനങ്ങൾ തിരിച്ചറിയാതിരിക്കാനും അവരുടെ ശ്രദ്ധ തിരിച്ചുവിടാൻവേണ്ടിയും കലാപങ്ങളും തീവ്രവാദനീക്കങ്ങളും ഭരണകൂടം തന്നെ നിർമ്മിക്കും. എപ്പോഴെങ്കിലും 'പുറത്തുള്ള' ആരെയും ഭയപ്പെടാൻ ഇല്ലെന്നായാൽ അകത്താകും പോരടി. കാരണം, അന്യതാബോധവും ഭയവും ഏതെങ്കിലും തരത്തിൽ ഒരു ശത്രുവിനെ കണ്ടെത്തി കൊണ്ടേയിരിക്കും. അങ്ങനെയൊരു മനുഷ്യന്-ജനതയ്ക്ക് വേലിയുടെ കരുത്താണ് സ്വാതന്ത്ര്യം.

രണ്ടാമത് പരാമർശിച്ച അഹിംസാത്മക രീതി വെറും കാൽപനികവും ഉടനടിയുള്ള പരിഹാരങ്ങൾ ഇല്ലാത്തതുമാണെന്ന് തോന്നാം. എന്നാൽ ആദ്യത്തെ സമീപനം അത്തരം പരിഹാരങ്ങളും യാഥാർത്ഥ്യബോധവും ഉള്ളതാണോ? ആക്രമിക്കപ്പെടുമെന്ന ഭീതിയിലും ആക്രമിക്കാനുള്ള വാഞ്ഛയിലും, പെരുകുന്ന കുഴിമാടങ്ങൾക്കിടയിലും കഴിയുന്ന ഒരു ജനത ജീവിക്കുന്നുണ്ടോ? മറുവശത്ത്, അടിച്ചമർത്തപ്പെടുന്ന ജനതയ്ക്ക് സംഘടിക്കാം, പരസ്പരം താങ്ങാകാം, ചിന്നിച്ചിതറുന്നതിലൂടെ നരകതുല്യമാകാവുന്ന ജീവിതം മാനുഷികബന്ധങ്ങളിലൂടെ തിരിച്ചുപിടിക്കാം. ലോകമൊട്ടുക്കുള്ള സമാന ഇരകളോട് ഐക്യപ്പെട്ട്, ലോക മനഃസ്സാക്ഷിയെ ആഴപ്പെടുത്തി, സമഗ്രവും ചടുലവുമായ രാഷ്ട്രീയവൽകരണത്തിലൂടെ അവർക്ക് മനുഷ്യരാശിയുടെ തന്നെ മോചനത്തെ പ്രതിനിധീകരിക്കാം. അത്തരം സാഹചര്യങ്ങൾക്ക് ഏറ്റവും രാഷ്ട്രീയപ്രബുദ്ധരായ കുട്ടികളെ സൃഷ്ടിക്കാനുള്ള കരുത്തുണ്ട്. സായുധപോരാട്ടത്തിന്റെ വഴികളിലാകട്ടെ ഭീതികൊണ്ടു ഞെരുക്കപ്പെട്ട, തോക്കു ചുമക്കുന്ന കുട്ടികളെയാണ് നാം കാണാറ്. സമാധാനപരമായ സമരങ്ങളുടെ പരാജയത്തിന് ദൃഷ്ടാന്തമായി ചിലർ പരാമർശിച്ചു കേട്ടിട്ടുള്ള നർമ്മദാ സമരത്തെ പരിഗണിക്കുക. ഡാമുകളുടെ ഉയരം കൂട്ടുന്നത് സർക്കാരുകൾ തുടരുന്നുവെങ്കിലും അതിന്റെ ആക്കവും ആവർത്തിയും വല്ലാതെ കുറഞ്ഞിട്ടുണ്ട്. പദ്ധതികൾക്കുള്ള സാമ്പത്തിക സഹായം ലോകബാങ്ക് അവസാനിപ്പിച്ചിരിക്കുന്നു. ജീവനോപാധികൾ തകർന്ന മനുഷ്യർ ഒത്തുചേർന്ന് അതിജീവനത്തിന്റെതായ ഒരുപാട് പുതിയ ഇടങ്ങൾ അവിടെ രൂപ

പ്പെട്ടിട്ടുണ്ട്. സർവ്വോപരി, എന്തല്ല വികസനമെന്ന സുനിശ്ചിതത്വത്തേയും, എന്താണ് വികസനമെന്ന മൗലീക അന്വേഷണങ്ങളേയും ഇന്ത്യയൊട്ടുക്ക് അത് ശക്തിപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിലെ സ്വാതന്ത്ര്യസമരത്തെയും പരിഗണിക്കുക. എത്രയെങ്കിലും ആന്തരികവൈരുധ്യങ്ങൾ ഉള്ളപ്പോഴും, മനുഷ്യരാശിയുടെ വിപ്ലവചരിത്രത്തിലെ തികച്ചും ശ്രദ്ധേയമായ ഒരു ഏടും, ബ്രിട്ടീഷ്ഭരണത്തിൽ നിന്നുള്ള മോചനമെന്ന ലക്ഷ്യത്തിന്റെ സന്ദർഭത്തിൽ ഫലവത്തുമായിരുന്നത്.

മറുവശത്ത്, വേൾഡ്ട്രേഡ് സെന്റർ ആക്രമണം നോക്കാം. ലോകത്തെ ഒരു തുറന്ന തടവറയാക്കി മാറ്റാൻ മൂലധനശക്തികളെ അതെത്ര സഹായിച്ചിരിക്കുന്നു! ആ ആക്രമണത്തിനു പിന്നിൽ മുസ്ലീം തീവ്രവാദികളല്ല, അമേരിക്കൻ ഭരണകൂടം തന്നെയാണെന്ന വാദവും വളരെ പ്രബലമാണ്. അതുശരിയാണെങ്കിൽ, ഭരണകൂടം എത്രകണ്ട് മർദ്ധകരൂപം ആർജ്ജിക്കുന്നുവെന്നതിനോളംതന്നെ വാസ്തവമായിരിക്കുന്നത്, എല്ലാവിധ ഹിംസകളും ഭരണകൂടം എങ്ങനെ സ്വന്തം നിലനിൽപ്പിനുള്ള ഇന്ധനമാക്കി മാറ്റുന്നുവെന്നതാണ്. ഒന്നുകൂടി ആഴത്തിൽ വീക്ഷിച്ചാൽ, ഭരണകൂടം അടിസ്ഥാനപരമായി ഹിംസാത്മകമാണെന്നതിനൊപ്പം എല്ലാ ഹിംസകളിലും ഉള്ളടങ്ങിയിരിക്കുന്ന ഭരണകൂടത്തേയും അത് വെളിപ്പെടുത്തുന്നുണ്ട്.

ഇപ്പറഞ്ഞതിന് സ്റ്റാലിനിസ്റ്റ് പുട്ടിൻ റഷ്യയോ, കമ്പോളവ്യവസ്ഥയ്ക്ക് തോട്ടിപ്പണിയെടുക്കുന്ന ചൈനയോ അപവാദമാണോ? ആമസോൺ കാടുകൾ തുരക്കുന്ന ബ്രസീലിലും, മാരകമായ ഷെയിൽ (shale) എണ്ണയുടെ ഖനനത്തിൽ അമേരിക്കയോട് മത്സരിക്കുന്ന വെനിസ്വലയിലും കേൾക്കുന്നത് വസന്തത്തിന്റെ ഇടിമുഴക്കമല്ല, അന്ത്യകാഹളമാണ്. നേപ്പാളിൽ സായുധപോരാട്ടത്തിലൂടെ ജനശ്രദ്ധ നേടുകയും തുടർന്ന് അധികാരത്തിലെത്തുകയും ചെയ്ത മാവോയിസ്റ്റ് നേതൃത്വത്തിനാകട്ടെ ഇന്നേവരേയ്ക്കും അവിടത്തെ ജനങ്ങളുടെ പൊതുസമ്മതി നേടാനാകുന്ന ഒരു ഭരണനയരേഖ രൂപപ്പെടുത്താനായിട്ടില്ല. ഇത്തരം ദാർശനിക ഷണ്ഡത്വത്തിന്റെ ഉറവിടം അന്വേഷിക്കുന്നതിനു പകരം കോഴികടയ്ക്ക് കല്ലെറിയുന്നതിന്റെ പേരാണ് നിരുത്തരവാദിത്വം. ഇത്തരം പരിതാപകരമായ സംരഭങ്ങൾക്ക് അടിപണിയുന്നതിനൊപ്പം കേരളത്തിലെ ജനകീയസമരങ്ങളെല്ലാം പരാജയങ്ങളാണെന്ന് പറഞ്ഞുനടക്കുന്ന മാവോപക്ഷക്കാർ തനി ബൂർഷ്വാമാദ്ധ്യമങ്ങളുടെ ദൗത്യമാണ് ഫലത്തിൽ ഏറ്റെടുത്തിരിക്കുന്നത്. കൊക്കകോള, എൻഡോസൾഫാൻ, നാഷണൽ ഹൈവേ വിപുലപ്പെടുത്തൽ, ഗ്യാസ് പൈപ്പിടൽ, വിളപ്പിൽശാല എന്നിങ്ങനെ എത്രയോ സമരങ്ങൾക്ക് നാം സാക്ഷിയാണ്. അത്തരം സമരങ്ങളൊന്നും പൂർണ്ണവിജയങ്ങളായിരിക്കില്ല; എന്നാൽ അവയിലൊന്നുപോലും പരാജയങ്ങളുമല്ല. അതല്ല, കേരളത്തിലെ ഏതെങ്കിലും സമരങ്ങൾ പരാജപ്പെടുന്നുണ്ടെങ്കിൽ, അതിന് ഒരു വിധത്തിലും കാരണം ഭരണകൂടമല്ല; സമരം ചെയ്യുന്നവർക്കിടയിലെ തൊഴുത്തിൽകുത്തു മാത്രമാണ് അതിൽ പ്രതിയായുള്ളത്.

ഇന്ത്യയിലെ മാവോയിസ്റ്റു പോരാട്ടങ്ങളുടെ പിൻബലത്തിൽ മേൽപ്പറഞ്ഞതരം പച്ചക്കള്ളങ്ങൾ വിതച്ചു നടക്കുന്ന സഖാക്കൾ സൗകര്യപൂർവ്വം വിട്ടുക്കളയുന്ന ഒരു വസ്തുതയുണ്ട്. മാവോയിസ്റ്റുകളുടെ സൈനീകബലവും ഇവിടത്തെ ഭരണകൂട സേനാബലവും തമ്മിൽ യാതൊരു താരതമ്യവുമില്ലെന്നിരിക്കെ, തങ്ങളുടെ സൈന്യത്തെ കളത്തിലിറക്കി മാവോവാദികളെ മുച്ചൂടും നശിപ്പിക്കാൻ ഭരണകൂടം തുനിയാത്തത് ഈ നാട്ടിലെ ജനങ്ങളുടെ പ്രതികരണത്തെ ഭയന്നിട്ടും, ഇന്ത്യൻ രാഷ്ട്രീയം ഇപ്പോൾപ്പോലും പിന്തുടരുന്ന ചില ജനാധിപത്യ കീഴ്വഴക്കങ്ങളെ മാനിച്ചുമാണ്. മേൽസൂചിതമായ പ്രചാരണയജ്ഞങ്ങൾക്കു പകരം പ്രിയസഖാക്കൾ ഇടതുപക്ഷവീക്ഷണത്തിൽ അടിയുറച്ചും പഠനസന്നദ്ധതയോടും, ജനകീയമുന്നേറ്റങ്ങളിൽ സൃഷ്ടിപരമായി ഇടപെടുമെങ്കിൽ അത് അത്തരം സമരങ്ങളെ വിജയിപ്പിക്കുന്നതിൽ തികച്ചും മുതൽക്കൂട്ടാകും. മാർക്സിസം, രാഷ്ട്രീയദർശനചരിത്രത്തിലെ ഒരു നിർണ്ണായക ചുവടുവെയ്

> 10 മുതൽ 5 വരെ സർക്കാരിനെയോ അംബാനിമാരെയോ സേവിച്ച് വ്യവസ്ഥിതിയെ ശക്തിപ്പെടുത്തിയിട്ട് വൈകിട്ട് 5 മുതൽ 7 വരെയോ (അതുകഴിഞ്ഞ് വീട്ടിപ്പോണം!), വാരാന്ത്യങ്ങളിലോ അതിനെതിരെ സമരം ചെയ്യുന്ന പാർട്ട്ടൈം പണ്ഡിതസാമൂഹ്യ പ്രവർത്തകരാണ് അവർ. ഇങ്ങനെ, പൊതുനന്മയെയും സ്വകാര്യതാല്പര്യങ്ങളെയും ഒരുമിച്ച് സേവിക്കാൻ ഒരാൾ തീർച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാന കാരണം അയാൾ പറഞ്ഞുനടക്കുന്ന മൂല്യങ്ങളെക്കുറിച്ച് അയാൾക്ക് തന്നെ ബോധ്യവും വിശ്വാസവും ഇല്ലെന്നതാണ്.



പ്പാണ്. ആഗോളസമൂഹത്തിന്റെ വിവിധതലങ്ങളെ അത് സ്വാധീനിക്കുകയും മാറ്റിത്തീർക്കുകയും ചെയ്തിട്ടുണ്ട്. ഈ ലേഖനത്തിലെ തന്നെ ഒരുപാട് പദപ്രയോഗങ്ങളും, ആശയങ്ങളും മാർക്സിയനാണ്. എന്നാൽ അതേ മാർക്സിസം ആയുധമെടുത്ത് ഭരണകൂടരൂപമാർജ്ജിക്കുമ്പോൾ മർദ്ദകസ്വഭാവം കൈക്കൊള്ളുന്നതിനും പരാജയപ്പെടുന്നതിനും ലോകം സാക്ഷിയാണ്. പരിസ്ഥിതിയെ സംബന്ധിച്ചാകട്ടെ മുതലാളിത്തവും മാർക്സിസവും തമ്മിൽ തെല്ലും വ്യത്യാസവുമില്ല.

സായുധസമരങ്ങളുടെ ഹിംസാത്മകതയേയും നിഷേധാത്മകതയേയും തങ്ങളുടെ ജീവിതശൈലിയാക്കിയ മറ്റൊരു കൂട്ടരെക്കൂടി പരാമർശിച്ചുക്കൊണ്ടേ ഈ ലേഖനം പൂർത്തിയാക്കാനാകൂ. 10 മുതൽ 5 വരെ സർക്കാരിനെയോ അംബാനിമാരെയോ സേവിച്ച് വ്യവസ്ഥിതിയെ ശക്തിപ്പെടുത്തിയിട്ട് വൈകിട്ട് 5 മുതൽ 7 വരെയോ (അതുകഴിഞ്ഞ് വീട്ടിപ്പോണം!), വാരാന്ത്യങ്ങളിലോ അതിനെതിരെ സമരം ചെയ്യുന്ന പാർട്ട്ടൈം പണ്ഡിത സാമൂഹ്യ പ്രവർത്തകരാണ് അവർ. ഇങ്ങനെ, പൊതുനന്മയെയും സ്വകാര്യതാല്പര്യങ്ങളെയും ഒരുമിച്ച് സേവിക്കാൻ ഒരാൾ തീർച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാന കാരണം അയാൾ പറഞ്ഞുനടക്കുന്ന മൂല്യങ്ങളെക്കുറിച്ച് അയാൾക്ക് തന്നെ ബോധ്യവും വിശ്വാസവും ഇല്ലെന്നതാണ്. അതിന്റെ തുടർച്ചയായ ഭീരുത്വവും ഒത്തുതീർപ്പുകളും ഇരട്ടത്താപ്പുകളും സന്ദേഹങ്ങളുമാണ് ഭൂമിയെ എക്കാലവും നരകമാക്കിയിട്ടുള്ളത്.

അന്നന്നത്തേക്കുള്ള ആഹാരം തേടുന്ന മനുഷ്യരെ വിടുക. സമ്പത്തും അധികാരവുംകൊണ്ട് അന്ധരായ മുതലാളിമാരുടെ കാര്യവും നിൽക്കട്ടെ. പാലിനു വെണ്ണയെന്നപ്പോലെ ഒരു സമൂഹത്തിന്റെ ഏറ്റവും സമ്പുഷ്ടമായ ഭാഗം അതിലെ പൊതുബോധമുള്ള മനുഷ്യരാണ്. അവരാണ് ജീവിതത്തിൽനിന്നും സ്വകാര്യതാല്പര്യങ്ങൾ ഒഴിയുമ്പോളുള്ള സ്വാതന്ത്ര്യത്തിന്റെ രുചിയറിഞ്ഞിട്ടുള്ളവർ. എന്നാൽ, ആ വിധം ഒരാൾ അനുഭവിക്കുന്ന പൊതുബോധം അയാളുടെ എന്തെങ്കിലും പ്രത്യേക മിടുക്കുകൊണ്ട് സംഭവിക്കുന്നതല്ല. നമുക്കു മുമ്പേ പോയ മനുഷ്യരുടെ സങ്കല്പാതീതമായ ത്യാഗത്തിന്റേയും തപസ്സിന്റെയും ഫലമാണത്. അതാസ്വദിച്ചിട്ട്, അതിന് വേണ്ടവിധം തുടർച്ചയുണ്ടാക്കാതിരിക്കുന്ന നമ്മുടെ സ്നേഹക്കുറവിനെക്കുറിച്ച്, പുരകത്തുമ്പോഴും വാഴവെട്ട് തുടരുന്ന തീവ്രവാദത്തെക്കുറിച്ച് നാം എന്തുപറയുന്നു? നിലവിലെ (ഘടനാപരമായ) അനീതികളെ മറികടക്കുന്നതിനുള്ള ഏറ്റവും പ്രധാന തടസ്സം, വിട്ടുവീഴ്ചയില്ലാത്ത രാഷ്ട്രീയപ്രവർത്തനം ജീവിതശൈലിയാക്കിയവരുടെ കുറവാണ്. അങ്ങനെയുള്ളവർക്കേ നിർണ്ണായകമാം വിധം പുതിയ തലമുറയെ പ്രചോദിപ്പിക്കാനും സമാന ജീവിതരീതി ഏറ്റെടുക്കാനുള്ള ധൈര്യം അവർക്ക് പകരാനുമാകൂ. ഇതു നാം ചെയ്യാതിരിക്കുന്നതിന് സ്വയം കണ്ടെത്തുന്ന കാരണങ്ങൾ ന്യായമാണെങ്കിൽ, ഏറ്റവും കുറഞ്ഞത് അത്രയെങ്കിലും ഒഴിവുകഴിവുകൾ മുതലാളിമാർക്കും അനുവദിക്കേണ്ടിവരും. വാസ്തവത്തിൽ, പൊതുനന്മ പറഞ്ഞുനടക്കുന്നവരുടെ ഒത്തുതീർപ്പുകളാണ് മൂലധനശക്തികളുടെ ആത്മവിശ്വാസത്തിനുള്ള ഏക ആധാരം എന്നു കരുതുന്നതും അന്യായമായിരിക്കില്ല. നമുക്കു നഷ്ടപ്പെടാൻ നമ്മുടെ അൽപ്പത്തരങ്ങളുണ്ടാക്കുന്ന ദുരിതങ്ങളല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ സഖാക്കളെ? ■


**ഭക്ഷ്യകൃഷിയിലൂടെ പുതിയ കേരളം**

കേരള ജൈവകർഷ സമിതിയുടെ

**ജൈവജീവിത സന്ദേശ യാത്ര**

2015 ഏപ്രിൽ 5 മുതൽ 25വരെ

ബന്ധങ്ങൾക്ക്: 9496149173